"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**
**ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പ്**

**<u>സർക്കുലർ</u>**

**നം.31/2025/ധന** **തിരുവനന്തപുരം, തീയതി: 03.04.2025**

**വിഷയം:-** ധനകാര്യ വകുപ്പ്- തുടർ പദ്ധതികളുമായി ബന്ധപ്പെട്ട് സമഗ്ര ഭരണാനുമതി (Comprehensive Administrative Sanction) പുറപ്പെടുവിക്കുന്നത് -വ്യക്തത വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന:-** സ.ഉ.(പി)നം.102/2017/ധന, തീയതി 07/08/2017.

സൂചന ഉത്തരവിലെ അനുബന്ധത്തിലെ ഇനം 37 പ്രകാരം, മുൻ വർഷത്തെ അപേക്ഷിച്ച് ഘടകങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങൾ, യൂണിറ്റ് കോസ്റ്റ് തുടങ്ങിയവയിൽ യാതൊരു മാറ്റവുമില്ലാതെ തൻവർഷം നടപ്പിലാക്കുന്ന തുടർപദ്ധതികൾക്ക് പ്രസ്തുത പദ്ധതിയ്ക്കുള്ള ബജറ്റ് വിഹിതത്തിന്റെയും നിലവിലുള്ള സമഗ്ര ഭരണാനുമതിയുടെയും (Comprehensive Administrative Sanction) അടിസ്ഥാനത്തിൽ വകുപ്പ് തലവന്റെ/ഭരണ വകുപ്പിന്റെ സാമ്പത്തിക അധികാര പരിധിക്കുള്ളിൽ നിന്ന് കൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ച് നടപ്പിലാക്കുവാൻ കഴിയുന്നതാണ്. എന്നാൽ, ഇപ്രകാരം യാതൊരു മാറ്റങ്ങളും ഇല്ലാത്ത തുടർപദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് വിഹിതത്തിന് പുറമേ സമഗ്ര ഭരണാനുമതി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സമഗ്ര ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) ഘടകങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങൾ, യൂണിറ്റ് കോസ്റ്റ് തുടങ്ങിയവയിൽ മുൻ വർഷത്തിൽ നിന്നും യാതൊരു മാറ്റവുമില്ലാതെ തൻവർഷം നടപ്പിലാക്കുന്ന തുടർപദ്ധതികളുടെ കാര്യത്തിൽ, സാമ്പത്തിക അധികാര പരിധിയില്ലാതെ സമഗ്ര ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു ബന്ധപ്പെട്ട ഭരണവകുപ്പിന് അനുമതി നൽകുന്നു. കൂടാതെ, സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥൻ വകുപ്പുതലവനായി വരുന്ന സാഹചര്യങ്ങളിൽ സാമ്പത്തിക അധികാര പരിധിയ്ക്കുള്ളിൽ നിന്ന് കൊണ്ട് സമഗ്ര ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് സെക്രട്ടറി തലത്തിലുള്ള വകുപ്പുതലവനും അനുമതി നൽകുന്നു.

സെക്രട്ടറി തലത്തിലുള്ള വകുപ്പുതലവൻ ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന സമഗ്ര ഭരണാനുമതിയുടെ ഒരു പകർപ്പ് ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പിനും ധന വകുപ്പിലെ ബന്ധപ്പെട്ട വിങ്ങിനും ലഭ്യമാക്കേണ്ടതാണ്.

(ii) ഒരു സാമ്പത്തിക വർഷത്തെ ആദ്യത്തെ പാദത്തിനുള്ളിൽ തന്നെ സമഗ്ര ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തികരിക്കേണ്ടതാണ്.

**ഡോ. എ. ജയതിലക് ഐ.എ.എസ്.**
**അഡിഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരള, തിരുവനന്തപുരം.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
മെമ്പർ സെക്രട്ടറി, പ്ലാനിങ് ബോർഡ്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(E-3101891)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ